# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 10.11.2025**

## പ്രധാനവാർത്തകൾ

1. സംസ്ഥാനം തദ്ദേശ തിരഞ്ഞെടുപ്പ് ചൂടിലേക്ക്. പോളിംഗ് ഡിസംബർ 9 നും 11 നും രണ്ട് ഘട്ടങ്ങളിലായി. വോട്ടെണ്ണൽ ഡിസംബർ 13 ന്.
2. പാർലമെന്റിന്റെ ശീതകാല സമ്മേളനം അടുത്ത മാസം ഒന്ന് മുതൽ 19 വരെ നടക്കുമെന്ന് ലോകസഭാ സ്പീക്കർ ഓം ബിർള
3. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ ഭൂട്ടാൻ സന്ദർശനത്തിന് നാളെ തുടക്കം.
4. കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാനുമായി മന്ത്രി വി ശിവൻകുട്ടി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച്ച നടത്തി.
5. ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ അവസാനഘട്ട വോട്ടെടുപ്പ് നാളെ.
6. കേരളത്തിന്റെ തെക്കൻജില്ലകളിൽ വ്യാപക മഴ തുടരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

***************************

RNU TVPM

## തദ്ദേശ തെരഞ്ഞെടുപ്പ് (ഇൻട്രോ)

സംസ്ഥാനത്തെ തദ്ദേശ തിരഞ്ഞെടുപ്പിൻറെ തീയതി പ്രഖ്യാപിച്ചു. ഡിസംബർ 9 നും 11 നുമായി രണ്ട് ഘട്ടങ്ങളിലായാണ് പോളിംഗ് നടക്കുന്നത്. ഡിസംബർ 13 നാണ് വോട്ടെണ്ണൽ. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാനാണ് തീയതി പ്രഖ്യാപിച്ചത്. **വിശദാംശങ്ങളിലേയ്ക്ക്......**

(വോയിസ്)

തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴ് ജില്ലകളിൽ ഡിസംബർ ഒമ്പതിനും തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള ബാക്കി ഏഴ് ജില്ലകളിൽ ഡിസംബർ 11 നും തിരഞ്ഞെടുപ്പ് നടക്കും. രാവിലെ 7 മുതൽ വൈകുന്നേരം ആറ് മണിവരെയാണ് പോളിംഗ്. മട്ടന്നൂർ നഗരസഭ ഒഴികെയുള്ള 1,199 തദ്ദേശഭരണ സ്ഥാപനങ്ങളിലും തിരഞ്ഞെടുപ്പ് നടക്കും. 23,576 വാർഡുകളിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിനായി 33,746 പോളിംഗ് ബൂത്തുകളാണ് സജ്ജീകരിക്കുന്നത്. 2.84 കോടി വോട്ടർമാരാണ് സംസ്ഥാനത്തുള്ളത്. 2,841 പ്രവാസി വോട്ടർമാരും ഉണ്ട്. അന്തിമ വോട്ടർ പട്ടിക ഈ മാസം 14 ന് പുറത്തിറക്കും. നവംബർ 14ന് തന്നെയാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 21 നാണ്. പത്രികകളുടെ സൂക്ഷ്മപരിശോധന നവംബർ 22 ന് നടക്കും. ഈ മാസം 24 ആണ് പത്രിക പിൻവലിക്കാനുള്ള അവസാനതീയതി. ഒരു ലക്ഷത്തി 80,000 ഉദ്യോഗസ്ഥരെ തിരഞ്ഞെടുപ്പിനായി നിയോഗിച്ചിട്ടുണ്ട്. സുരക്ഷക്കായി 70,000 പൊലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കും. പ്രശ്നബാധിത ബൂത്തുകളിൽ അധിക സുരക്ഷ ഉറപ്പാക്കും. ഹരിതചട്ടം പാലിച്ചുകൊണ്ടായിരിക്കും തിരഞ്ഞെടുപ്പ്. ഡിസംബർ 18 ന് തിരഞ്ഞെടുപ്പുനടപടികൾ പൂർത്തിയാക്കണം. **ന്യൂസ് ഡസ്ക്, ആകാശവാണി**

RNU TVPM

*************************

## മാതൃകാ പെരുമാറ്റചട്ടം (ഇൻട്രോ)

തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതോടെ സംസ്ഥാനത്ത് മാതൃകാ പെരുമാറ്റചട്ടം നിലവിൽ വന്നു. വോട്ടെണ്ണൽ ദിനമായ ഡിസംബർ 13 വരെ പ്രബല്യത്തിൽ ഉള്ള പെരുമാറ്റ ചട്ടം മാധ്യമങ്ങളും, ജനപ്രതിനിധികളും, രാഷ്ട്രീയ പാർട്ടികളും ഉൾപ്പെടെ എല്ലാജനങ്ങളും കൃത്യമായി പാലിക്കണമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ ആഹ്വനം ചെയ്യു .

(വോയ്സ്)

*************************

## ഹരിത ചട്ടം (ഇൻട്രോ)

ഹരിത ചട്ടം പാലിച്ചു കൊണ്ടായിരിക്കും ഇത്തവണത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ്. ഇത് സംബന്ധിച്ച മാർഗ നിർദേശങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു. **വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്......**

**(വോയ്സ്)**

*************************

## കോഴിക്കോട്/തിരു.- സ്ഥാനാർഥികൾ

കോഴിക്കോട് കോർപ്പറേഷനിൽ 22 സീറ്റുകളിലേക്കുള്ള കോൺഗ്രസ് സ്ഥാനാർഥികളെ പ്രഖ്യാപിച്ചു. കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയാണ് സ്ഥാനാർഥികളെ പ്രഖ്യാപിച്ചത്. ഈ മാസം 12 ന് ശേഷം മറ്റു സീറ്റുകളിലേക്കുള്ള സ്ഥാനാർഥികളെ പ്രഖ്യാപിക്കും. തിരുവനന്തപുരം

RNU TVPM

കോർപ്പറേഷനിലെ 93 സീറ്റുകളിലേക്കുള്ള എൽ ഡി എഫ് സ്ഥാനാർത്ഥികളെയും ഇന്ന് പ്രഖ്യാപിച്ചു. തിരുവനന്തപുരത്ത് കോൺഗ്രസും ബി ജെ പി യും ആദ്യഘട്ട സ്ഥാനാർത്ഥികളെ നേരത്തെ പ്രഖ്യാപിച്ചിരുന്നു.

*************************

## ഓം ബിർള - സമ്മേളനം

പാർലമെൻറ്റിന്റെ ശീതകാല സമ്മേളനം അടുത്ത മാസം ഒന്നു മുതൽ 19 വരെ നടക്കും. നിയമനിർമ്മാണ പ്രവർത്തനങ്ങൾ, സർക്കാർ നയങ്ങൾ, പൊതു വിഷയങ്ങൾ എന്നിവയെക്കുറിച്ചുള്ള കാര്യക്ഷമമായ ചർച്ചകളിൽ സമ്മേളനം ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള അറിയിച്ചു.

*************************

## രാഷ്ട്രപതി

ഇന്ത്യയും അംഗോളയും തമ്മിലുള്ളത് ജനാധിപത്യത്തിൽ അധിഷ്ഠിതമായ ബന്ധമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. അംഗോള ദേശീയ അസംബ്ലിയിൽ പാർലമെൻറ് അംഗങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. അംഗോളയിലെ ഇന്ത്യൻ സമൂഹത്തെയും രാഷ്ട്രപതി അഭിസംബോധന ചെയ്യും. പര്യടനത്തിന്റെ രണ്ടാം പാദത്തിൽ നാളെ, മുതൽ ഈ മാസം 13 വരെ ശ്രീമതി മുർമു ബോട്സ്വാന സന്ദർശിക്കും.

*************************

RNU TVPM

## പ്രധാനമന്ത്രി -ഭൂട്ടാൻ

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ ഭൂട്ടാൻ സന്ദർശനം നാളെ ആരംഭിക്കും. ഭൂട്ടാൻ രാജാവുമായി ചേർന്ന് ആയിരത്തി ഇരുപത് മെഗാവാട്ട് ജലവൈദ്യുത പദ്ധതിയുടെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവഹിക്കും. ഇരു രാജ്യങ്ങളും സംയുക്തമായി വികസിപ്പിച്ച പദ്ധതിയാണിത്. ഭൂട്ടാൻ പ്രധാനമന്ത്രിയുമായി ശ്രീ മോദി കൂടിക്കാഴ്ച നടത്തും. ലോക സമാധാന പ്രാർത്ഥനാ മഹോത്സവത്തിലും പ്രധാനമന്ത്രി പങ്കെടുക്കും.

*************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*************************

## ശിവൻകുട്ടി-ധർമേന്ദ്രപ്രധാൻ

കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാനുമായി മന്ത്രി വി.ശിവൻകുട്ടി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിൽ ഒന്നായ സമഗ്ര ശിക്ഷാ കേരളയുടെ കേന്ദ്ര വിഹിതമായ 1066.36 കോടി രൂപ എത്രയും വേഗം അനുവദിക്കണമെന്ന് കേന്ദ്രമന്ത്രിയോട് ആവശ്യപ്പെട്ടതായി ശ്രീ.ശിവൻകുട്ടി സമൂഹമാധ്യമത്തിൽ കുറിച്ചു.

*************************

RNU TVPM

## ബീഹാർ തിരഞ്ഞെടുപ്പ്

ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാമത്തെയും അവസാനത്തെയും ഘട്ടത്തിലേക്കുള്ള വോട്ടെടുപ്പ് നാളെ. ഇന്ന് നിശബ്ദ പ്രചാരണമാണ്. 20 ജില്ലകളിലെ 122 നിയമസഭാ മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ്. ആദ്യഘട്ടത്തിൽ 64.66 ശതമാനം പോളിംഗാണ് രേഖപ്പെടുത്തിയത്. വോട്ടെണ്ണൽ ഈ മാസം 14 ന് നടക്കും.

*************************

## ഉപതിരഞ്ഞെടുപ്പ്

ഏഴ് സംസ്ഥാനങ്ങളിലായി എട്ട് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് നാളെ. ജമ്മു കശ്മീരിലെ ബുദ്ഗാം, നഗ്രോട്ട, രാജസ്ഥാനിലെ അന്താ, ജാർഖണ്ഡിലെ ഘട്സില, തെലങ്കാനയിലെ ജൂബിലി ഹിൽസ്, പഞ്ചാബിലെ തരൺ താരൺ, മിസോറാമിലെ ഡാമ്പ, ഒഡീഷയിലെ നുവാപഡാ എന്നിവിടങ്ങളിലാണ് ഉപ തെരഞ്ഞെടുപ്പ്. ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനൊപ്പം നവംബർ 14 ന് വോട്ടെണ്ണലും നടക്കും.

RNU TVPM

*************************

## മഴ-സംസ്ഥാനം

സംസ്ഥാനത്തിന്റെ തെക്കൻജില്ലകളിൽ മഴ തുടരുന്നു. ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. നാളെ എറണാകുളം, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

*************************

## ദേവസ്വം ബോർഡ് പ്രസിഡന്റ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറായി മുൻ ചീഫ് സെക്രട്ടറി കെ ജയകുമാറിനെ നിയമിച്ചു . മുൻ മന്ത്രിയും എം എൽ എയുമായ കെ രാജുവിനെ ബോർഡ് അംഗമായും നിയമിച്ച് സർക്കാർ ഉത്തരവിറക്കി. 2025 നവംബർ 14 മുതൽ രണ്ട് വർഷത്തേക്കാണ് ഇവരുടെ കലാവധി.

**************************

## വന്ദേ മാതരം

ദേശീയ ഗീതമായ വന്ദേ മാതരത്തിന്റെ 150-ാം വാർഷികത്തോടട് അനുബന്ധിച്ചുള്ള ആഘോഷ പരിപാടികൾ രാജ്യമെമ്പാടും പുരോഗമിക്കുന്നു. 1907 ഓഗസ്റ്റ് 22-നാണ്, സ്വാതന്ത്ര്യസമര സേനാനി മാഡം ഭികാജി കാമ ജർമ്മനിയിലെ സ്റ്റട്ട്ഗാർട്ടിൽ ആദ്യ ഇന്ത്യൻ ത്രിവർണ്ണ പതാക ഉയർത്തിയത്. മാഡം കാമയും ശ്യാംജി കൃഷ്ണ വർമ്മയും രൂപകൽപ്പന ചെയ്ത പതാകയിൽ വന്ദേമാതരം എന്ന വാക്കുകൾ ആലേഖനം ചെയ്തിരുന്നു.

RNUTVPM

**************************

## ഓഹരി+സ്വർണം

ഓഹരിവിപണികളിൽ നേട്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് 319 പോയിൻറ് ഉയർന്ന് 83,535 ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 82 പോയിൻറ് നേട്ടത്തിൽ 25,574 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവില കൂടി. ഗ്രാമിന് 55 രൂപ വർധിച്ച് 11,350 രൂപയും പവന് 440 രൂപ ഉയർന്ന് 90,800 രൂപയുമാണ് ഇന്നത്തെ വില. ഈ മാസത്തെ ഏറ്റവും ഉയർന്ന വിലയാണ് ഇത്.

**************************

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളത്തിനെതിരെ തിരിച്ചടിച്ച് സൌരാഷ്ട്ര. ആദ്യ ഇന്നിങ്സിൽ 73 റൺസിന്റെ ലീഡ് വഴങ്ങിയ സൌരാഷ്ട്ര രണ്ടാം ഇന്നിങ്സിൽ അഞ്ച് വിക്കറ്റിന് 351 റൺസെന്ന നിലയിലാണ്. നിലവിൽ സൌരാഷ്ട്രക്ക് 278 റൺസിന്റെ ലീഡുണ്ട്.

*************************

## മുല്ലപ്പെരിയാർ

മുല്ലപ്പെരിയാർ അണക്കെട്ടിൽ മേൽനോട്ട സമിതിയുടെ നേതൃത്വത്തിൽ പരിശോധന നടത്തി. ദേശീയ അണക്കെട്ട് സുരക്ഷാ അതോറിറ്റി ചെയർമാൻ അനിൽ ജെയിൻ അധ്യക്ഷനായ ഏഴ് അംഗ നിരീക്ഷണ സമിതിയാണ് പരിശോധന നടത്തിയത്. പ്രധാന അണക്കെട്ട്, ബേബിഡാം, സ്പിൽവേ, ഗാലറികൾ എന്നിവ സംഘം പരിശോധിച്ചു. മധുരയിൽ, ഇതു സംബന്ധിച്ച് യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തും. ഇതിനുമുമ്പ് മെയ് 22നാണ് സംഘം അണക്കെട്ട് സന്ദർശിച്ചത്.

RNUTVPM

*************************

## ശബരിമല

ഈ വർഷത്തെ ശബരിമല തീർത്ഥാടനത്തിന് വെർച്വൽ ക്യൂ ബുക്കിംഗ് നിർബന്ധമായി പാലിക്കണമെന്ന് കേരള പോലീസ്. തിരക്ക് ഒഴിവാക്കുന്നതിനായി ബുക്കിംഗിൽ അനുവദിച്ചിട്ടുള്ള സമയ സ്ലോട്ട് കർശനമായി പാലിക്കണമെന്നും പോലീസ് അറിയിച്ചു. വെർച്വൽ ക്യൂ ബുക്കിംഗ് ഇല്ലാത്തവർക്ക് നീണ്ട കാത്തിരിപ്പ് സമയം ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്താണ് നിർദേശം.

**************************************************************************************